Talented Bankers Literary Panel
പുസ്തക പരിചയം 259

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.

അലങ്കാരങ്ങളില്ലാതെ
A designer's ഡയറി
സമീറ സനീഷ്

സമീറ സനീഷ് എന്ന പേര് മലയാള സിനിമ കാണുന്ന ആരെയും പരിചയപ്പെടുത്തേണ്ട ഒന്നാണ് എന്ന് തോന്നുന്നില്ല. മലയാള സിനിമ ലോകത്തെ രണ്ട് ധാരണകൾ ആണ് ആ പെണ്കുട്ടി തിരുത്തിയത്. ഒന്ന്, വസ്ത്രാലങ്കാരം എന്നത്, ശരിയല്ലാത്ത ഒരു തുന്നലിന് പോലും മുഖത്തേക്ക് വലിച്ചെറിയപ്പെടാൻ മാത്രം കീഴാളമായ, സിനിമക്ക് അകത്തെ, വെറും ഒരു തയ്യൽ ജോലി മാത്രമാണ് എന്ന തെറ്റിദ്ധാരണ. രണ്ട്, സിനിമ എന്നത് തികച്ചും പുരുഷാധിപത്യം നിറഞ്ഞ ലോകമാണ് എന്നും, അത് കൊണ്ട് തന്നെ സ്ത്രീകൾക്ക് ഇവിടം അത്ര നല്ലത് അല്ല എന്ന മിഥ്യാ ധാരണയും!

ഏതൊരു തൊഴിലിടത്തിലും ലിംഗ ഭേദമന്യേ നേരിടാൻ ഇടയുള്ള ഈഗോ ക്ളാഷുകൾ അല്ലാതെ, പാതിരാത്രി വരെ നീളുന്ന വർക്കുകൾക്ക് ഇടയിൽ ഒരിക്കൽ പോലും ഒരു സ്ത്രീ എന്ന നിലയിൽ ഉള്ള ചൂഷണങ്ങൾ തനിക്ക് നേരിടേണ്ടി വന്നിട്ടില്ല എന്ന് ഈ പുസ്തകത്തിൽ അവർ തുറന്ന് പറയുമ്പോൾ, അവർ പോലും അറിയാതെ, സിനിമ സ്വപ്നം കാണുന്ന ആർക്കൊക്കയോ അത് ഒരു ധൈര്യമാകുകയാണ്!

ഇതിനൊക്കെ അപ്പുറം, തികച്ചും യാഥാസ്ഥിതികമായ ഒരു കുടുംബത്തിൽ ജനിച്ചു വളർന്ന ഒരു സ്ത്രീ, കഥക്കും, കഥാപാത്രങ്ങൾക്കും അനുയോജ്യമായ നിറങ്ങളും, നിറഭേദങ്ങളും ആയി മലയാള സിനിമയുടെ ചരിത്രത്തിൽ തന്റേതായ ഒരു ഇടം നേടിയിട്ടുണ്ട് എങ്കിൽ, അത് സൂര്യൻ ഒരുവട്ടം ഉദിച്ചു അസ്തമിച്ചപ്പോൾ നേടിയെടുത്തത് അല്ല എന്നത് പറയേണ്ടത് ഇല്ലല്ലോ!? തീർച്ചയായും ആ വഴിയിൽ അവർ അറിഞ്ഞ കല്ലും, മുള്ളും എന്തെന്നും, അതിനെ മറികടക്കാൻ അവരുടെ കഠിനാധ്വാനം എത്രത്തോളമെന്നും അറിയാൻ ഉള്ള ആകാംക്ഷയിൽ തന്നെ ആണ് ഈ പുസ്തകം വായിച്ചു തുടങ്ങിയത്. പ്രതീക്ഷിച്ചതിന് വിപരീതമായി, സൂചിയുടെ ഒരു മുറി പാടും പോലും പുറത്ത് കാണിക്കാത്ത, മനോഹരമായി തുന്നിയ ഒരു ഉടുപ്പ് പോലെ, പേജുകൾ മറിഞ്ഞു നീങ്ങി. കഷ്ടപ്പാടുകളും, ദുരിതങ്ങളും എല്ലാം ഒരു പാരഗ്രാഫിൽ, കൂടി വന്നാൽ ഒരു പേജിൽ ഒതുങ്ങും. ബാക്കി പറയുന്നത് എല്ലാം നല്ല അനുഭവങ്ങൾ മാത്രം!

വേണമെങ്കിൽ പുസ്തകം എഡിറ്റ് ചെയ്ത് ആളുടെ പരിചയ കുറവ് ആയി ഇതിനെ കാണാം. ചില ഇന്റർവ്യൂ കാണുമ്പോൾ നമുക്ക് തോന്നാറില്ലേ, കുറച്ചു കൂടി നല്ല

ചോദ്യങ്ങൾ ചോദിക്കാമായിരുന്നു എന്ന്! ഏതാണ്ട് അത് പോലെ. പക്ഷെ, ഈ പുസ്തകത്തിന്റെ കാര്യത്തിൽ അത് 'നല്ലതിന് തന്നെ' എന്ന് തന്നെ ഞാൻ പറയും. കാരണം, തോൽക്കാൻ മനസ്സില്ലാത്ത ഒരു പെൺകുട്ടി, തനിക്ക് പിന്നാലെ ഉള്ള ഒരു പാട് ചെറുപ്പക്കാർക്കായി പകർന്ന് നൽകുന്ന ഒരു പോസറ്റീവ് നോട്ട് ആയി മാത്രം ഇതിനെ കണ്ടാൽ മതി. അവർ ഇനിയും ഉയരങ്ങൾ കീഴടക്കട്ടെ. ജീവിത സായാഹ്നത്തിൽ ഒരു തിരിഞ്ഞു നോട്ടം നടത്തുമ്പോൾ, കുറച്ചു കൂടി തീക്ഷ്ണമായ മറ്റൊരു പുസ്തകം ഇവരിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാം!

വില :- 140
പ്രസാധകർ :- ലിറ്റ്മസ് പബ്ലിക്കേഷൻ